

# കേളപ്പജി മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കൻററി സ്കൂൾ, കൊടക്കാട്, കാസർഗോഡ്

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# ഡിജിറ്റൽ മാഗസിൻ



## സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ലിറ്റിൽകൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻറെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സി.വി.ശ്രീരേഖ
ഹെഡ്മിസ്ട്രസ്




മഹാകവികളായ കുട്ടമത്തിന്റെയും ടി എസ് തിരുമുമ്പിന്റെയും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങിയ കൊടക്കാട് ഗ്രാമം. കർഷക പ്രസ്ഥാനത്തിന്റെയും പുരോഗമന സാംസ്കാരിക പ്രവർത്തനങ്ങളുടെയും വിളനിലമായിരുന്നു.കാസർഗോഡ് ജില്ലയുടെയും കണ്ണൂർ ജില്ലയുടെയും അതിർത്തി ഗ്രാമമായ കൊടക്കാട്ട് പാവപ്പെട്ടവരും സാധരണക്കാരായ കൃഷിക്കാരും കർഷക തൊഴിലാളികളും താമസിക്കുന്ന പ്രദേശമാണ്. അവരുടെ മക്കൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ അന്ന് കരിവെള്ളൂർ ഹൈസ്കൂളും കയൂർ ഹൈസ്കൂളുമാണ് ഏക ആശ്രയം. ഈ ഒരു പശ്ചാത്തലത്തിലാണ് 1976 ൽ അന്നത്തെ ആരോഗ്യ മന്ത്രി യായിരുന്ന ശ്രീ എൻ കെ ബാലകൃഷ്ണന്റെ ശ്രമഫലമായി കൊടക്കാട് ഗ്രാമത്തിനു ഒരു ഹൈസ്കൂൾ ലഭിക്കുന്നത്. ശ്രീ കെ വി നാരായണൻ പ്രസിഡന്റും ശ്രീ നാരായണ കുറുപ്പ് പ്രവർത്തിച്ചിരുന്ന എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ കീഴിലാണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. 1976 ൽ പി ചിണ്ടൻ നായർ ഹെഡ്മാസ്റ്റർ ആയി പ്രവർത്തിച്ച ഈ വിദ്യാലയത്തിൽ 99 വിദ്യാർത്ഥികളും 6 അദ്ധ്യാപകരും 2 അനദ്ധ്യാപകരുമാണ് ഉണ്ടായിരുന്നത് പിന്നീട് 1998 വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർന്നു.



സംസ്ഥാന ശാസ്ത്ര
നാടകമത്സരത്തിൽ
ടീം കേളപ്പജി ഒന്നാമത്
ബാംഗ്ലൂരിൽ നടക്കുന്ന
സൗത്ത്സോൺ മത്സരത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ടു.
അഭിനന്ദനങ്ങൾ



## പൂച്ചയുടെ ആശ്വാസം

ആരെടുത്ത് കൊണ്ടു
പോയാലും രണ്ടിസം
കൊണ്ട് വഴിയിൽ
ഉപേക്ഷിക്കുന്ന  ഒരു
പൂച്ചകുട്ടിയാണ് ഞാൻ
ഇടയ്ക്കിടയ്ക്ക്
ആരെങ്കിലുമൊക്കെ
എടുത്തുകൊണ്ട് പോകുന്നുണ്ട്
എന്നതാണ് ആകെ
ഒരു ആശ്വാസം

അഭിഷേക്



# പക്ഷി

ഒരു പാട്ടു പിന്നെയും
പാടവേ  തൻ
കൊച്ചുചിറകിന്റെ നോവ്
മറന്നു പോകെ
ഇനിയും പറക്കില്ല
എന്നതോർക്കാതെ
വിരിമാനം ഉള്ളാൽ
പുണർന്നു കൊണ്ടേ
വെട്ടിയ കുറ്റിമേൽ
ഒറ്റചിറകിൻ
ഒരു പതാളമോടെ
ഒരുപാട്ട് വീണ്ടും

അഭിന.വി.വി
8d



# ആകാശം

നീല നിറമുള്ള പ്രകൃതിയുടെ
മനോഹാരിത നിറഞ്ഞ ആകാശം.
ദേഷ്യത്തിൽ നിറമാറി
കറുത്ത നിറമായി മാറുന്ന ആകാശം
സന്തോഷത്തിന്റെ നിറവിൽ
തെളിഞ്ഞ നിറത്തിലുള്ള ആകാശം
തുലാവർഷത്തിൽ രാത്രിയിൽ
ഇടിയോട് കൂടിയ മഴ പെയ്യുമ്പോൾ
ആകാശം കരഞ്ഞുകൊണ്ടേയിരിക്കുന്നു.
ഇപ്പോഴത്തെ ജനത
ആകാശത്തെ മലിനമാക്കി
ശ്വസനത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയാണ്.
എല്ലാ മനുഷ്യർക്കും നല്ല വായു നിറഞ്ഞ
ആകാശത്തിനായി
നമ്മുടെ പുതുജനതയ്ക്ക് പ്രാർത്ഥിക്കാം
നമ്മുടെ പുതുജനതയ്ക്ക് പ്രാർത്ഥിക്കാം

**അശ്വന്ത് കെ**
ഒമ്പതാം തരം

# ലഹരി നിർമ്മാർജനത്തിൽ വിദ്യാർത്ഥികളുടെ പങ്ക്



ഇന്ന് നമുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ലഹരിവസ്തുക്കളുടെ ഉപയോഗം. സമൂഹത്തെ ഏറ്റവും കൂടുതൽ ഭയപ്പെടുത്തുന്നതും നഗരതുല്യമാക്കാനും ലഹരിവസ്തുക്കൾക്ക് കഴിവുണ്ട്. കുറ്റകൃത്യങ്ങളുടെ പര്യായമാണ് ലഹരി. കൗമാരപ്രായത്തിലുള്ള കുട്ടികൾ മുതൽ യുവാക്കളെ വരെ കുരുക്കിലാക്കാൻ ലഹരിക്ക് കഴിയും. ഇതിനെ പ്രതിരോധിക്കാൻ ആദ്യത്തെ ചുവടുവെയ്പ്പായി നമ്മൾചെയ്യേണ്ടത് സ്കൂളിൽതന്നെയാണ്. ഇപ്പോൾ പല സ്കൂളിലും SPC യുടെ നാതൃത്വത്തിൽ ഉള്ള പ്രവർത്തനങ്ങളാണ്. SPC ലക്ഷ്യം തന്നെ 'We Learn To Serve' നാളത്തെ തലമുറ എന്നു പറയുന്നത്. അതുകൊണ്ടു തന്നെ കുട്ടികളിൽ നിന്നു തന്നെ പ്രതിരോധവും തുടങ്ങേണ്ടടത്. ഉപഭോക്താവിൻെറ മനസ്സ് ഇരുട്ടാകുന്ന ആഴങ്ങളിലേക്ക് വഴുതി വീഴുകയാണ്. ലഹരിയുടെ അമിതോപയോഗം ഉപഭോക്താക്കളിൽ ശാരീരിക-മാനസ്സിക പ്രശ്നങ്ങൾക്കും ഇടയാകാറുണ്ട്. മധു, കൂൾ ലിപ്പ്, Mdma,കഞ്ചാവ് എന്നീ ലഹരിവസ്തുക്കൾ നമ്മുടെ ഭാരതത്തിൽ നിന്നും ഉന്മൂലനം ചെയ്യുകയാണ് ആദ്യം ചെയ്യേണ്ടത്.




# വിമുക്തി

നമുക്ക് നമ്മുടെ ജീവിത്തോടാണ് ലഹരി വേണ്ടത്.നമ്മുടെ ആഗ്രഹങ്ങൾക്ക് പിറകെ പോവുക.അല്ലാതെ നമ്മുടെ സമൂഹത്തിൽ ഇപ്പോൾ കണ്ടുവരുന്ന ലഹരി എന്നുപറയുന്നത് മയക്കുമരുന്ന് തുടങ്ങിയവയാണ്.അത് നമ്മുടെ ആഗ്രഹങ്ങൾക്കു പിറകെ പോവാൻ വിടില്ല.ഇത് സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.ഇത് കൂടുതലായി ഉപയോഗിക്കുന്നത് കൗമാരപ്രായത്തിലുള്ള കുട്ടികളാണ്.ആൺ-പെൺ വ്യത്യാസമില്ലാതെ എല്ലാവരും ലഹരി ഉപയോഗിക്കുന്നു.ലഹരി ഉപയോഗിക്കുമ്പോൾ ആ വ്യക്തിക്കുണ്ടാകുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്.ലഹരി ഉപയോഗിക്കുമ്പോൾ ആസമയത്ത് മാത്രമാണ് സന്തോഷം ഉണ്ടാകുന്നത്.തുടർന്നുള്ള കാര്യങ്ങളെക്കുറിച്ച് ഓർക്കുന്നില്ല.ലഹരി ഉപയോഗിക്കുന്ന വ്യക്തിക്കുമാത്രമാണ് സന്തോഷം ഉണ്ടാകുന്നത്.

അങ്ങനെ ഒരു സന്തോഷം നമുക്ക് വേണ്ട,ലഹരി ഉപയോഗിക്കാതെ തന്നെ നമുക്ക്
സന്തോഷം നേടാം.അത് നമ്മുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആഗ്രഹിച്ച
സ്വപ്നങ്ങൾ നേടിയെടുക്കുമ്പോൾ ഉണാകുന്ന സന്തോഷം ഒരിക്കലും ലഹരി ഉപയോഗിച്ചാൽ നേടാൻ പറ്റില്ല.ലഹരി കൊണ്ട് നമ്മുടെ ജീവിതം നശിക്കുകയാണ് ചെയ്യുന്നത്.അത് ഒരിക്കലും ജീവിതം നന്നാക്കുകയില്ല.ലഹരി ഉപയോഗിക്കുമ്പോൾ
ആ വ്യക്തി അറിയുന്നില്ല,ആദ്യമായി

ലഹരിതൊട്ടുമ്പോഴും,അത് എടുത്ത് ഉപയോഗിക്കുമ്പോഴും ,ആ വ്യക്തി അറയുന്നില്ല വെളിച്ചത്തിൽ നിന്നും ഇരുട്ടിലേക്കാണ് അവരുടെ ജീവിതം മാറുന്നത്.ലഹരി ഉപയോഗിക്കുന്നവർ അറിയുന്നില്ല ആ വ്യക്തി മാത്രമല്ല നശിക്കുന്നത് അവരുടെ കുടുംബവും ആ വ്യക്തിയുടെ ഭാവി ജീവിതവുമാണെന്ന്.നമുക്ക് ഈ സമൂഹം ലഹരിവിമുക്തമാക്കാം.അതിനുവേണ്ടി പലകാര്യങ്ങളും നമ്മുടെ മുന്നിലുണ്ട്.പക്ഷെ നമ്മൾ അത് കാണുന്നില്ല.ലഹരി ഉപയോഗിക്കുന്നത് തടയാനായി ബോധവൽക്കരണ ക്ലാസ് സങ്കടിപ്പിക്കാം. വിദ്യാർത്ഥികൾ തന്നെ ഇതിനുവേണ്ടി ഇറങ്ങണം.SPC തുടങ്ങിയ യൂണിറ്റുകളിൽ ലഹരിക്കെതിരെ പല ക്ലാസുകൾ ഉണ്ടാകാറുണ്ട്.നമ്മൾ എല്ലവരും ശ്രമിച്ചാൽ ലഹരി നമ്മുടെ ജീവിതത്തിൽ നിന്നും ഉപേക്ഷിക്കാം.നമുക്ക് പ്രതിജ്ഞ എടുക്കാം. നമ്മൾ ഒരിക്കലും ലഹരി ഉപയോഗിക്കില്ല.നമുക്ക് ലഹരി ഒന്നേയുള്ളു.അത് നമ്മുടെജീവിതമാണ്.





# മഴ

മഴ എനിക്ക് ഇഷ്ടം
മഴ നനയാതിലേറെയിഷടം
ആകാശ നീലിമയിൽ നിന്നും
ഒരു നൂൽ പോലെ വന്ന്
മണ്ണിനെ തഴുകുന്ന കണ്ണുനീർത്തുള്ളി
കൗതുകം പൂണ്ട് ഒരുനാൾ
ഞാനുമെൻ്റനുജനു
മഴയത്തിറങ്ങി കളിച്ചതും,ഒടുവിൽ
അമ്മ കണ്ട് വടിയുമായ് പിന്നാലെ
ഓടിയതും ,അന്ന്
മഴനനഞ്ഞ് പനിപിടിച്ച് കിടന്നതും
കൂട്ടരുമൊത്ത് കളിക്കുവാൻ പറ്റാഞ്ഞ്
ഒടുവിൽ ആ മഴയെ ശപിച്ചതും
!ഒടുവിൽ അമ്മയും
എന്നെ വിട്ടകന്നപ്പോൾ
മഴ എൻ മനസ്സിൽ നോവലായി മാറി
(ഫാത്തിമത്ത് ഷഹന)



# പൂമ്പാറ്റ

പാറി നടക്കണ പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
എന്നുടെ കൂടെ പോരുന്നോ
പലനിറമോലും പൂമ്പാറ്റേ

അനുനന്ദ
9A



## ഉറുമ്പുകൾ

**ഒരു മണിയരിമണിതേടിത്തേടി-**
**പ്പലവലിതെണ്ടുമുറുമ്പുകളെ**
**അറിയാതിങ്ങനെ  നോക്കിയിരുന്നാ-**
**ലറിവാകുന്നത് സംഘബലം**

**അണിമണിയൊരുമണിയൊന്നിച്ചൊന്നായ്**
**പൊരുവഴിജാഥ നയിപ്പോരേ**
**അണിയണിയായിപ്പോവത് നിങ്ങടെ**
**മണിയായാകും മാളത്തിൽ**

by
Devanandha k.v
9B